# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:753** **27.04.2017-ൽ മറുപടിയ്ക്ക്**

## കായിക്കര പാലം നിർമ്മാണം

ചോദ്യം

ശ്രീ.ബി.സത്യൻ

മറുപടി

ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി):

എ) വക്കം - കായിക്കര പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മാണം സംബന്ധിച്ച് വകുപ്പ് തല നടപടിക്രമങ്ങൾ എന്തെല്ലാം പൂർത്തിയായി എന്ന് വെളിപ്പെടുത്താമോ;

ബി) അപ്രോച്ച് റോഡിനു സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചോ; ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

എ) & ബി) തീരദേശ പഞ്ചായത്തുകളായ അഞ്ചു തെങ്ങിനെയും വക്കത്തെയും യോജിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിന് 2013-ൽ 1935.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കിയിരുന്നു. സ്ഥലം ലഭ്യമായ പ്രവൃത്തികൾക്കാണ് നബാർഡ് മുൻഗണന നല്കി അംഗീകാരം നല്കിയിരുന്നത്. ആയതിനാൽ ടി പദ്ധതിയുടെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ഉൾപ്പെടുന്ന വക്കം അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മാണ ത്തിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകുവാൻ കത്ത് നൽകിയെങ്കിലും വിലകൊടുത്ത് വാങ്ങാനുള്ള ഫണ്ട് ഇല്ലായെന്ന് പഞ്ചായത്തുകൾ അറിയിച്ചു.

മേൽ പ്രവൃത്തിയുടെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ട സർവ്വേ നമ്പരുകളും അവയുടെ വിസ്തീർണ്ണവും ഉൾക്കൊള്ളുന്ന കരട് സ്കെച്ച് ചിറയിൽകീഴ് തഹസീൽദാരിൽ നിന്ന് ലഭിച്ചതനുസരിച്ച് വക്കം വില്ലേജിൽ നിന്നും 20.396 ആർ സ്ഥലവും അഞ്ചുതെങ്ങ് വില്ലേജിൽ നിന്ന് 13.355 ആർ സ്ഥലവും ഏറ്റെടുക്കേണ്ടതുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലങ്ങൾക്ക് കമ്പോളവില അനുസരിച്ച് 50,59,410/- രൂപ വേണ്ടി വരും. ടി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

സി) പാലം നിർമ്മാണം ഉടൻ ആരംഭിക്കാൻ കഴിയുമോ എന്നറിയിക്കാമോ?

സി) കായിക്കര പാലത്തിന്റെ അപ്രോച്ച് റോഡിനാവശ്യമായ 33.75 ആർ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകിയാൽ പാലം നിർമ്മാണത്തിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ആഫീസർ**